# കോളേജ് വിദ്യാഭ്യാസ വകുപ്പ്
# കേരളാ സർക്കാർ

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2016–17

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ കാര്യ മന്ത്രാലയം കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലിം/ക്രിസ്ത്യൻ/ സിഖ്/ബുദ്ധ/പാർസി/ ജൈന സമുദായങ്ങളിൽ പ്പെട്ട പതിനൊന്നാം ക്ലാസ് മുതൽ പി.എച്ച്.ഡി.വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2016–17 അദ്ധ്യയന വർഷത്തിൽ നൽകുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു.

(1) അപേക്ഷകർ കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലിം/ക്രിസ്ത്യൻ/ സിഖ്/ബുദ്ധ/പാർസി/ ജൈന സമുദായങ്ങളിലൊന്നിൽ ഉൾപ്പെട്ടവരായിരിക്കണം.

(2) അപേക്ഷകർ താഴെ പറയുന്ന കോഴ്സുകളിലൊന്നിലെ ഒന്നാം വർഷ വിദ്യാർത്ഥിയും തൊട്ട് മുൻവർഷത്തെ ബോർഡ്/യൂണിവേഴ്സിറ്റി പരീക്ഷയിൽ 50% ത്തിൽ കുറയാത്ത മാർക്കോ ,തത്തുല്യ ഗ്രേഡോ ലഭിച്ചവരും ആയിരിക്കണം.

(i) ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺ–എയ്ഡഡ് സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഹയർസെക്കണ്ടറി സ്കൂൾ/കോളേജ്/ഇൻസ്റ്റിറ്റ്യൂട്ടുകൾ/സർവകലാശാലകൾ എന്നിവയിൽ പ്ലസ്ടു/ബിരുദം/ബിരുദാനന്തരബിരുദം/പി.എച്ച്.ഡി.കോഴ്സുകൾക്ക് പഠിക്കുന്നവർ.

(ii) എൻ.സി.വി.ടി.യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ./ഐ.ടി.സി. സെന്ററുകളിലെ ടെക്നിക്കൽ/വൊക്കേഷണൽ കോഴ്സുകളിൽ 11–ാം ക്ലാസിൽ പഠിക്കുന്നവർ.

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പിന്റെ പരിധിയിൽ വരാത്ത കോഴ്സുകൾ.

(3) അപേക്ഷകരുടെ വാർഷിക കുടുംബവരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

(4) അപേക്ഷകർ മറ്റ് സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റോ കൈപ്പറ്റുന്നവർ ആയിരിക്കരുത്.

(5) അപേക്ഷകർ ഐ.എഫ്.എസ്.സി.കോഡുള്ള നാഷണലിസ്റ്റ്/ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

(6) ഒരേ കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് ഒരേ സമയം ഈ സ്കോളർഷിപ്പ് നൽകുന്നതല്ല.

(7) അപേക്ഷകർക്ക് നിർബന്ധമായും സ്ഥിരമായ ഒരു മൊബൈൽ നമ്പർ ഉണ്ടായിരിക്കണം.

(8) വിദ്യാർത്ഥികൾക്ക് നിർബന്ധമായും ആധാർ നമ്പർ ഉണ്ടായിരിക്കേണ്ടതാണ്. ഇത് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കേണ്ടതാണ്.

(9) സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

(10) സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ, അപേക്ഷിക്കേണ്ട തീയതി , രീതി, തുടർനടപടികൾ എന്നിവ കേന്ദ്രഗവൺമെന്റിന്റെ National Scholarship Portal ആയ www.scholarships.gov.in ൽ ലഭ്യമാണ്.

(11) അപേക്ഷ ഓൺലൈനായി www.scholarships.gov.in എന്ന വെബ് സൈറ്റിൽ മാത്രമേ നൽകാൻ കഴിയുകയുള്ളു. www.minority affairs.gov.in എന്ന ന്യൂന പക്ഷ ക്ഷേമ മന്ത്രാലയത്തിന്റെ വെബ്സൈറ്റിലും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ ഒരു ലിങ്ക് ലഭ്യമാണ്. ഓൺലൈൻ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു. Manual അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുകയില്ല.

(12) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2016–2017 സംബന്ധിച്ച വിശദാംശങ്ങൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റായ www.collegiateedu.kerala.gov.in ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് postmatricscholarship@gmail.com എന്ന ഇ–മെയിൽ ഐ.ഡി.യിലോ 0471- 2306580,9446096580, 9446780308 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

## Postmatric Scholarship Scheme-time-line (for Fresh & Renewal Scholarship)

| sl.no. | Activities | Date (Fresh) | Date (Renewal) |
|---|---|---|---|
| 1. | Submission of online applications for Fresh/Renewal scholarship (2016-17) by Students for classes XI and XII | 15th July to 31st August 2016 | |
| 2. | Submission of Online applications for Fresh/Renewal Scholarship by Students for higher education like III's , Diploma, B.Ed, M.Phil and Ph.D etc. | 15th July to 31st October 2016 | |